# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3527

24/06/2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## വനാവകാശനിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം വനാവകാശനിയമ പ്രകാരം എത്ര ആദി വാസികൾക്ക് ഭൂമി നൽകി എന്ന് വെളി പ്പെടുത്തുമോ; ഭൂമി ലഭിച്ചവരുടെ പേരു വിവരവും നൽകിയ ഭൂമിയുടെ വിവരവും അടങ്ങുന്ന പട്ടിക ജില്ലയും സെറ്റിൽമെന്റും തിരിച്ച് ലഭ്യമാക്കുമോ ; | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം 7225 കുടുംബങ്ങൾക്ക് 7067 ഏക്കർ ഭൂമിയുടെ വനാവകാശ നിയമപ്രകാരമുള്ള കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.<br>ഭൂമി ലഭിച്ചവരുടെ പേരുവിവരവും നൽകിയ ഭൂമിയുടെ വിവരവും **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| ബി | വനാവകാശ നിയമത്തിന്റെ പരിധി യിൽപ്പെടുന്ന ഏതെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ; | ബി | വനാവകാശ നിയമപ്രകാരമുള്ള വനാവകാശ കമ്മിറ്റികൾ, സബ്ഡിവിഷണൽ കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിക്കുകയും അവകാശങ്ങൾക്കായുള്ള അപേക്ഷകൾ പരിശോധിച്ച് വനാവകാശ കമ്മിറ്റികൾ ശുപാർശ ചെയ്യുന്നതനുസരിച്ച് സർവ്വെ നടത്തുകയും, വനാവകാശ രേഖകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള അവലോകന കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നിശ്ചിത കാലയളവിൽ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| സി | വനാവകാശനിയമം നടപ്പിലാക്കുന്ന തിനായി ബന്ധപ്പെട്ട സമിതികളുടെ രൂപീ കരണം നടപ്പിലാക്കിയിട്ടുണ്ടോ; | സി | രൂപീകരിച്ചിട്ടുണ്ട്. |
| ഡി | നടപ്പിലാക്കാത്ത ഊരുകളിലും പ്രസ്തുത സമിതികൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി | ബാധകമല്ല. |

സെക്ഷൻ ഓഫീസർ